**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 29.12.2023**

# "സർക്കാർ ഭൂമി പതിച്ചു നൽകിയതിന് മുൻ തഹസീൽദാറെ കഠിന തടവിന് ശിക്ഷിച്ചു."

ഇടുക്കി ജില്ലയിലെ ദേവികുളം തഹസീൽദാറായിരുന്ന രാമൻകുട്ടിയെ സർക്കാർ ഭൂമി പതിച്ചുനൽകിയ കേസ്സിൽ മൂവാറ്റുപുഴ വിജിലൻസ് കോടതി നാല് വർഷം കഠിന തടവിനും 30,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

2001-2002 കാലഘട്ടത്തിൽ ദേവികുളം തഹസീൽദാറായിരുന്ന രാമൻ കുട്ടി, കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ പെട്ട സർക്കാർ വക 36 സെന്റ് ഭൂമി രണ്ട് സ്വകാര്യ വ്യക്തികളുടെ പേരിൽ പട്ടയം പിടിച്ച് നൽകി സർക്കാരിന് നഷ്ടം ഉണ്ടാക്കിയതിന് ഇടുക്കി വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം നൽകിയ കേസ്സിലാണ് ഒന്നാം പ്രതിയായ ദേവികുളം മുൻ തഹസീൽദാറായിരുന്ന രാമൻകുട്ടിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തി നാലുവർഷം കഠിന തടവിനും 30,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷ വിധിച്ചത്. ഇടുക്കി വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. കെ.വി. ജോസഫ് രജിസ്റ്റർ ചെയ്ത കേസ്സിൽ ഇടുക്കി വിജിലൻസ് മുൻ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. വി. വിജയൻ, ശ്രീ. മുഹമ്മദ് കബീർ റാവുത്തർ, ശ്രീ. എ.സി. ജോസഫ്, ശ്രീ. അലക്സ്.എം.വർക്കി എന്നിവർ അന്വേഷണം നടത്തി ഇടുക്കി വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. പി.റ്റി.കൃഷ്ണൻകുട്ടി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ രാമൻകുട്ടി കുറ്റക്കാരനാണെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. സരിത വി.എ ഹാജരായി. പ്രതിയെ റിമാൻഡ് ചെയ്ത് മൂവാറ്റുപുഴ സബ് ജയിലിൽ അടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.